കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -അഴിയൂർ ഗ്രാമപഞ്ചായത്ത് - 2018 -19 വാർഷിക പദ്ധതി- പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 181/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 28.01.2019

പരാമർശം :- 1. അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.50 നമ്പർ തീരുമാനം .

ഉത്തരവ്

അഴിയൂർ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി പഞ്ചായത്തിലെ മാഹി റെയിൽവേ സ്റ്റേഷൻ, മാഹി അതിർത്തി മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള നാഷണൽ ഹൈവേ,മുക്കാളി ടൗൺ, പഴയ NH, പുതിയ NH സംഗമിക്കുന്ന സ്ഥലം, ചോമ്പാൽ ഹാർബർ എന്നീ പ്രദേശങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് അഴിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2018 -19 വാർഷിക പദ്ധതിയിൽ (പ്രോ. നം.87/18) രണ്ട് ലക്ഷം രൂപ വകയിരുത്തിയിരുന്നു . പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അഴിയൂർ ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് മാഹി റെയിൽവേ സ്റ്റേഷൻ, മാഹി അതിർത്തി മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള നാഷണൽ ഹൈവേമുക്കാളി ടൗൺ, പഴയ NH, പുതിയ NH സംഗമിക്കുന്ന സ്ഥലം, ചോമ്പാൽ ഹാർബർ എന്നീ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2018 -19 വാർഷിക പദ്ധതിയിൽ രണ്ട് ലക്ഷം രൂപ വകയിരുത്തി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന്, ആയതിന്റെ മോണിട്ടറിംഗ് ഉറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അഴിയൂർ ഗ്രാമപഞ്ചായത്ത്,കോഴിക്കോട് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ